കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 23, വ്യാഴം

വാല്യം: 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2000 മാർച്ച് മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ 536.....

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനം

1 (* 536) ശ്രീ. പി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പുതുതായി എന്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കലാമേന്മയുള്ള ചലച്ചിത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പുതുതായി തീയേറ്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദേശരാജ്യങ്ങളിലെ കലാമേന്മയുള്ള ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കലാമേന്മയും സാമൂഹ്യവീക്ഷണവുമുള്ള ചലച്ചിത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചുമതല ഏറ്റെടുക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) വിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനം, ആരോഗ്യ സംരക്ഷണം, വനസംരക്ഷണം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡോക്യുമെന്ററി ചിത്രങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പുതുതായി ഏറ്റവും നവീനമായ കമ്പ്യൂട്ടറൈസ്ഡ് എഡിറ്റിംഗും ഡിജിറ്റൽ ഡബ്ബിങ്ങും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ തുടങ്ങിയിട്ടുണ്ട്. ചലച്ചിത്ര നിർമ്മാതാക്കൾക്ക് 20 ലക്ഷം രൂപ വരെ ക്രെഡിറ്റ് നൽകുന്ന ഒരു ക്രെഡിറ്റ് കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ടി. വി. ചാനലുകളിൽ വർദ്ധിച്ചുവരുന്ന ഡിമാൻഡ് വിലയിരുത്തി ഒരു ഡിജിറ്റൽ വീഡിയോ സ്റ്റുഡിയോ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്.

(ബി) കലാമേന്മയുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഇത്തരം ചിത്രങ്ങളുടെ നിർമ്മാതാക്കൾക്ക് ക്രെഡിറ്റ് കാർഡ് നൽകുന്നതാണ്. ഇത്തരം ചിത്രങ്ങൾ കോർപ്പറേഷന്റെ തീയേറ്ററുകൾ ലഭ്യമാകുന്നതനുസരിച്ച് പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി & ഡി) 13 വർഷം മുമ്പ് പണി നിർത്തിവച്ച പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിലെ തിയേറ്ററുകളുടെ പണി വീണ്ടും തുടങ്ങിയിരിക്കുന്നു. പറവൂർ തിയേറ്ററിന്റെ ഉദ്ഘാടനം അടുത്ത മാസം നടത്തുന്നതാണ്. ആലപ്പുഴയിൽ തിയേറ്റർ തുടങ്ങുന്നതിന് അടുത്ത സാമ്പത്തിക വർഷം പ്രാരംഭനടപടികൾ സ്വീകരിക്കുന്നതാണ്. ഇതു കൂടാതെ കോട്ടയത്ത് പുതുതായി ഒരു തീയേറ്റർ തുടങ്ങുന്നതിനുവേണ്ടി ലാന്റ് അക്വിസിഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) വർഷംതോറും ഇപ്പോൾ നടത്തിവരുന്ന അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിൽ കലാമേന്മയുള്ള വിദേശ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിലിം സൊസൈറ്റികൾ വഴിയും നല്ല കലാമേന്മയുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ഫെസ്റ്റിവലുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തി നല്ല നിലവാരത്തിൽ വരും കാലങ്ങളിൽ സംഘടിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നേരിട്ട് ഡോക്യുമെന്ററി ചിത്രങ്ങൾ നിർമ്മിക്കാറില്ല. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ ആവശ്യപ്രകാരം ഡോക്യുമെന്ററി ചിത്രങ്ങൾ നിർമ്മിച്ച് നൽകാറുണ്ട്.

ശ്രീ. പി. രാഘവൻ : സർ, ചലച്ചിത്ര നിർമ്മാതാക്കൾക്ക് 20 ലക്ഷം രൂപ വരെ ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഈ ക്രെഡിറ്റ് കാർഡ് സംവിധാനം എന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതു മുൻപ് നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ചലച്ചിത്ര നിർമ്മാതാക്കൾക്ക് മൂന്നു മാസം വരെ പലിശയില്ലാതെ ക്രെഡിറ്റ് കാർഡു നൽകുന്ന ഒരു സംവിധാനമാണുള്ളത്. ഏതെങ്കിലും നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്ബാങ്കിൽ നിന്നും കെ. എഫ്. ഡി. സി. യുടെ പേർക്ക് അഞ്ചു ലക്ഷത്തിന്റെയോ പത്തു ലക്ഷത്തിന്റെയോ ബാങ്കു ഗ്യാരന്റി നൽകുന്ന വ്യക്തിക്ക് അതിന്റെ ഇരട്ടി തുകയ്ക്കുള്ള ക്രെഡിറ്റ് കാർഡ് നൽകുന്നു. ഈ കാർഡുപയോഗിച്ച് ക്യാമറ, ജനറേറ്റർ യൂണിറ്റ്, നെഗറ്റീവ് ഫിലിം, ഹോട്ടലിൽ താമസം, വിമാനടിക്കറ്റ്, വാഹനങ്ങൾ, എഡിറ്റിംഗ്, ഡബ്ബിംഗ്, ഫിലിം ഡെവലപ്മെന്റ് പോസ്റ്ററുകൾ, പരസ്യങ്ങൾ തുടങ്ങിയ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും 90 ദിവസം വരെ പലിശയില്ലാതെ ഉപയോഗിക്കാം. ഈ സൗകര്യങ്ങൾ ചലച്ചിത്രവികസന കോർപ്പറേഷന്റെ തീയേറ്ററുകളിലെല്ലാം ഉണ്ട്. ചിത്രം റിലീസ് ചെയ്യുമ്പോൾ മുഴുവൻ തുകയും കോർപ്പറേഷനിൽ അടച്ചാൽ മതിയാകും. 90 ദിവസം കൊണ്ട് ചിത്രം പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ 25 ശതമാനം പലിശ നൽകേണ്ടതായി വരും. അങ്ങനെ പലിശ ഇല്ലാതെ 90 ദിവസത്തിനകത്ത് ചിത്രമെടുക്കാനുള്ള ചെലവു മുഴുവനും ഈ ക്രെഡിറ്റ് കാർഡ് സിസ്റ്റം വഴി പുതിയ സിനിമ എടുക്കുന്ന ആളിനു ലഭിക്കുകയാണ്. അതാണ് അതിന്റെ പ്രയോജനം.

ശ്രീ. പി. രാഘവൻ : സർ, ചലച്ചിത്ര വികസന കോർപ്പറേഷന്റെ ക്രെഡിറ്റ് കാർഡിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ ? 90 ദിവസമെന്നുള്ളത് ആറു മാസമായിട്ട് വർദ്ധിപ്പിക്കാൻ കഴിയുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 90 ദിവസം കൊടുക്കുന്നതുതന്നെ അവർക്കു വലിയ കാര്യമാണ്. പലിശയില്ലാതെ അവർക്ക് സിനിമ പിടിക്കാൻ കഴിയും. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഈ സിസ്റ്റം നടപ്പിൽ വന്നശേഷം, മേയ് മാസത്തിലാണ് നടപ്പിൽ വന്നത്. ഇതുവരെ 15 ക്രെഡിറ്റ് കാർഡുകൾ നൽകിയിട്ടുണ്ട്. ഇതുവരെ ഈ സംവിധാനമുപയോഗിച്ച് 14 ചിത്രങ്ങൾ ആദ്യമായി നമ്മുടെ ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, കെ. എഫ്. ഡി. സി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ചലച്ചിത്രവികസനകോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 8.24 ലക്ഷം രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 75 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ലാഭമുണ്ടാക്കിയിട്ടുണ്ട്. ഇതു മുമ്പ് വളരെ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണ്. അതിന്റെ കടം വീട്ടി ഇപ്പോൾ ലാഭത്തിലേയ്ക്ക് വന്നിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം : സർ, ചിത്രാഞ്ജലിയുടെ നവീകരണത്തിനുശേഷം അവിടെ ചിത്രങ്ങളുടെ നിർമ്മാണ പുരോഗതി ഉണ്ടായിട്ടുണ്ടോ ; പുറത്തു നിന്ന് സിനിമാ വ്യവസായത്തെ കേരളത്തിലേയ്ക്ക് പറിച്ചുനടാൻ ചിത്രാഞ്ജലിയെ നവീകരിക്കുമോ ?

ശ്രീ ടി. കെ. രാമകൃഷ്ണൻ : ചിത്രാഞ്ജലിയുടെ നവീകരണത്തിനുശേഷം കഴിഞ്ഞ വർഷം 12 ചിത്രങ്ങൾ നിർമ്മിച്ച സ്ഥാനത്ത് 29 ചിത്രങ്ങളുടെ പ്രവർത്തനം ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഇത്തവണത്തെ ചലച്ചിത്ര അവാർഡു നിർണ്ണയത്തിൽ പാകപ്പിഴകളുണ്ടെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എല്ലാ കാലത്തുമുള്ളതുപോലെ തന്നെ ഇത്തവണയും അവാർഡ് കിട്ടാത്ത ആളുകൾക്ക് വിഷമമുണ്ടായിട്ടുണ്ട്. അവരിൽ നിന്ന് വിമർശനങ്ങളുണ്ടാകുക സ്വാഭാവികമാണ്. ഇത്തവണയും അത്തരത്തിലുള്ള വിമർശനങ്ങൾ ഉള്ളതായി ഗവൺമെന്റിന് മനസ്സിലാകുന്നുണ്ട്. ജഡ്ജിംഗ് കമ്മിറ്റി നിർണ്ണയിക്കുന്ന അവാർഡുകൾ ഗവൺമെന്റ് അംഗീകരിക്കുക മാത്രമാണ് അവിടെ ചെയ്യുന്ന കാര്യം. ആ സമയത്ത് മിക്കവാറും പത്രക്കാരെല്ലാം വന്നിരുന്ന ശേഷമാണ് ജഡ്ജിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ മുമ്പാകെ വരുന്നത്. അങ്ങനെ വായിക്കുക എന്ന കൃത്യം മാത്രമാണ് ഞാൻ ചെയ്യുന്നത്. വേറെ ഒരു പാപവുമില്ല. ഞാൻ സാധാരണ അവിടെ റിലീസ് ചെയ്യുന്ന ചിത്രങ്ങൾ കാണാനും പോകാറില്ല. കാണാൻ പോയാൽ നല്ല ചിത്രമെന്നുള്ള അഭിപ്രായം എന്റെ ഭാഗത്തു നിന്നുണ്ടായാൽ അതിനെ ചിലർ സ്വാധീനിക്കുമെന്നുള്ളതുകൊണ്ട് ഞാൻ ആ ചിത്രങ്ങളും കാണാൻ പോകുകയില്ല.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, 'പുനരധിവാസം' എന്ന ചിത്രത്തിലെ കഥാരചനയ്ക്ക് മാനസി അവകാശവാദം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെക്കുറിച്ച് അന്വേഷിച്ച് അതിന്റെ യാഥാർത്ഥ്യം എന്താണെന്നു വിശദീകരിക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 'പുനരധിവാസം' എന്ന ചിത്രം തന്റെ കഥയെ ആസ്പദമാക്കിയാണെന്നുള്ള വാദം മാനസിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്. ഇതു കിട്ടിയശേഷം വീണ്ടും ചലച്ചിത്രവികസന കോർപ്പറേഷനിൽ നിന്നും എഴുതി ചോദിച്ചു. അതിനെക്കുറിച്ച് നിർമ്മാതാവും സംവിധായകനും കൂടിയുള്ള അവാർഡ് അപേക്ഷയിലും പി. ബാലചന്ദ്രനാണ് കഥയെഴുതിയതെന്നാണ് കാണിച്ചിട്ടുള്ളത്. ഡയറക്ടർമാരോട് ചലച്ചിത്ര അക്കാഡമി വീണ്ടും എഴുതി ചോദിച്ച സമയത്ത് കിട്ടിയിട്ടുള്ള അഭിപ്രായവും ഇതു തന്നെയാണ്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വിവിധ ബാങ്കുകളിലുള്ള കടബാധ്യതകൾ എത്രയെന്നു

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുമോ ; ഇതിൽ നിന്ന് ഈ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ ആവശ്യമായ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ടോഡി വെൽഫെയർ ബോർഡിൽ നിന്ന് 261.35 ലക്ഷം രൂപ എടുത്തിരുന്നു. അതു തിരിച്ചടച്ചു. കാനറാ ബാങ്കിൽ നിന്നും 205 ലക്ഷം രൂപ എടുത്തിരുന്നു. അതും തിരിച്ചടച്ചു. ഇന്ത്യൻ ബാങ്കിൽ നിന്നും 9 ലക്ഷം രൂപ വാങ്ങിയതിൽ മൂന്നു ചെക്കുകൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഫെഡറൽ ബാങ്കിൽ നിന്നും 25 ലക്ഷം രൂപ വാങ്ങിയതും തിരിച്ചുകൊടുത്തു. 'ഹഡ്കോ' യിൽ നിന്നും 255 ലക്ഷം രൂപ രണ്ടു വർഷമായി തൃശൂർ തിയേറ്റർ നിർമ്മാണത്തിനുവേണ്ടി ഉപയോഗിച്ചുവരികയാണ്. അതു പ്രവർത്തിക്കാൻ തുടങ്ങുന്ന മുറയ്ക്ക് ആ തുക തിരിച്ചു കൊടുക്കാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : ഇപ്പോൾ നടത്താൻ പോകുന്ന ഫിലിം ഫെസ്റ്റിവലിനെ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നാഷണൽ ഫിലിം ഫെസ്റ്റിവൽ ഈ മാസം 31-ാം തീയതി മുതൽ കോഴിക്കോട് ആണ് നടക്കുന്നത്. കഴിഞ്ഞ പ്രാവശ്യം എറണാകുളത്ത് നടത്തി. അങ്ങനെ കൊല്ലംതോറും നടത്തുന്നതിനുവേണ്ടിയാണ് ഉദ്ദേശിക്കുന്നത്. വിദേശചിത്രങ്ങളാണ് മുഖ്യമായും പുതുതായിട്ട് ഈ നാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്നത്. അതുപോലെ ഹ്രസ്വചിത്രങ്ങൾ ഉൾപ്പെടെ 200 ചിത്രങ്ങൾ ഇത്തവണ പ്രദർശിപ്പിക്കുന്നതാണ്. മത്സര വിഭാഗത്തിന് 18 ചിത്രങ്ങളുണ്ട്. ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. ഏറ്റവും മികച്ച ചിത്രത്തിന് 10 ലക്ഷം രൂപയും ശില്പവും പ്രശംസാപത്രവും നൽകും. അത് കഴിഞ്ഞ പ്രാവശ്യവും നമ്മൾ നൽകി. ഗവൺമെന്റ് നൽകുന്ന അവാർഡ് കൂടാതെ ചലച്ചിത്ര വിമർശകരുടെ അന്തർദേശീയ സംഘടനയായ 'ഫിപ്രസി' എന്നൊരു സംഘടനയും അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ചു പേരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് മികച്ച ചിത്രത്തിനുള്ള അവാർഡ് നിർണ്ണയിക്കുന്നത്. ഈ കമ്മിറ്റിയിലെ ഇന്ത്യയിലെ അംഗം ശ്രീ. എം. ടി. വാസുദേവൻ നായർ ആണ്. പ്രസിദ്ധരായിട്ടുള്ള ആളുകളാണ് അതിലെ അംഗങ്ങൾ. എല്ലാം നിശ്ചയിക്കുന്നത് നാഷണലായിട്ട് പ്രവർത്തിക്കുന്ന സംഘടനകൾ തന്നെയാണ്. ഫിപ്രസി അവാർഡ് നിർണ്ണയിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ളത് 3 അംഗ ജഡ്ജിംഗ് കമ്മിറ്റിയാണ്. ഒരു കോടി പതിനഞ്ചു ലക്ഷം രൂപയാണ് ചലച്ചിത്രോത്സവത്തിന് ചെലവ് പ്രതീക്ഷിക്കുന്നത്. അതിന് ഗവൺമെന്റിൽ നിന്നും കൊടുക്കുന്നസംഖ്യയ്ക്കു പുറമേ കുറേ സംഖ്യ ബന്ധപ്പെട്ട കമ്മിറ്റി സ്വരൂപിക്കണമെന്നുള്ള നിർദ്ദേശവുമുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് 'ബി' ചോദ്യത്തിനുള്ള ഉത്തരത്തിൽ കലാമേന്മയുള്ള ചലച്ചിത്രം പ്രോത്സാഹിപ്പിക്കുന്ന കാര്യം പറഞ്ഞു. ചലച്ചിത്ര അക്കാഡമിയും ചലച്ചിത്ര കോർപ്പറേഷനും വ്യത്യാസമുണ്ട്. കാരണം ഇവിടെ നാഷണൽ ഫിലിംഫെസ്റ്റിവൽ സംഘടിപ്പിച്ചതും സിനിമ അവാർഡ് നിർണ്ണയിച്ചതും

LIBRARY ARCHIVES Kerala Legislative Assembly

ചലച്ചിത്ര അക്കാഡമിയാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണ സമയത്ത് മാത്രമാണ് സർക്കാർ അവാർഡുകളിൽ പരാതിയുണ്ടായിട്ടുള്ളത്. സാന്ദർഭികമായി പറയട്ടെ, ഒരു സന്ദർഭത്തിൽ 'പിറവി' ക്ക് അവാർഡ് കിട്ടാതെ 'ഒരേ തൂവൽപ്പക്ഷികൾ'ക്ക് കൊടുത്തപ്പോൾ അന്ന് പരാതി പറഞ്ഞ അന്താരാഷ്ട്ര പ്രശസ്തിയുള്ള സംവിധായകൻ തന്നെയാണ് ഇന്നും പരാതി പറഞ്ഞത്. ഇന്ന് ചലച്ചിത്ര അക്കാഡമിയുടെ ചെയർമാൻ ആണ്. ഗോവിന്ദപ്പിള്ളയും ഷാജികരുണും തമ്മിൽ അവരുടെ റോളിന്റെ വ്യത്യാസമുണ്ട്. ചലച്ചിത്ര അക്കാഡമിയാണ് അവാർഡ് നിർണ്ണയിക്കുന്നത്. എന്നിട്ടുതന്നെ ജനങ്ങളുടെ മദ്ധ്യത്തിൽ സർക്കാർ അവാർഡ്, അതായത് അങ്ങയുടെ വകുപ്പിലുള്ള അവാർഡുകളെക്കുറിച്ച് വളരെ പരിഹാസ്യമായ ചിത്രം ജനങ്ങളുടെ മുമ്പിൽ മാദ്ധ്യമങ്ങളിലൂടെ വച്ചിരിക്കുന്നത് ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളുകളാണ്. സ്വകാര്യ മേഖലയിലെ ഒരു അവാർഡു വിതരണത്തിലും ഒരു പരാതിയും പറഞ്ഞിട്ടില്ല. ഇങ്ങനെ ആളുകളുടെ മുമ്പിൽ പരിഹാസ്യമാകുന്ന ഈ സമ്പ്രദായം ഒന്നവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ; ഇത്രയും അധികം പരിഹാസ്യമായി അവാർഡുകൾ വന്നതുകൊണ്ട്, വിവാദങ്ങൾ വന്നതുകൊണ്ട് ഒരു പുനരാലോചനയ്ക്ക് തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് സ്വകാര്യക്കാർ നടത്തുന്നതിൽ യാതൊരു ആക്ഷേപവും ഇല്ല, ഗവൺമെന്റ് നടത്തുന്നതിനോടാണ് ആക്ഷേപം എന്നാണ്. ഗവൺമെന്റ് ചെയ്യുന്ന പണി ജഡ്ജിംഗ് കമ്മിറ്റിയെ നിശ്ചയിക്കുക മാത്രമാണ്. അവർ ചിത്രങ്ങൾക്ക് ഏകകണ്ഠമായിട്ടാണ് അവാർഡ് പ്രഖ്യാപിച്ചിട്ടുള്ളത്. അവരാണെങ്കിൽ ആ രംഗത്ത് അതി പ്രഗൽഭരാണ്. അതിൽ കവിഞ്ഞിട്ട് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. ആളുകൾ തമ്മിലുള്ള തർക്കങ്ങളൊക്കെ പത്രങ്ങൾ എഴുതിപിടിപ്പിക്കുന്നതു കേട്ടിട്ടാണ് ശ്രീ. കാർത്തികേയൻ ചോദിച്ചത്. അവർ തമ്മിലുള്ള തർക്കമൊന്നും ഇവിടെ പ്രശ്നമല്ല. അവർ തമ്മിൽ ഒരു തർക്കവുമില്ല. നല്ല സിനിമ ഉണ്ടാകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. നല്ല സിനിമ ഉണ്ടാകുന്നതിനുവേണ്ടി പ്രവർത്തനം നടത്തുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിക്കാരുടെ അഭിപ്രായങ്ങളെ ഞങ്ങൾ സ്വാധീനിക്കാറില്ല. ജഡ്ജിംഗ് കമ്മിറ്റിക്കാർ പ്രഗൽഭന്മാരായിട്ടുള്ള ആളുകളാണ്. അവർ നിശ്ചയിച്ചു തന്നാൽ അതു പ്രഖ്യാപിക്കുകമാത്രമാണ് ഗവൺമെന്റിന്റെ ചുമതല.

ശ്രീ. എ. സി. ഷൺമുഖദാസ് : കോഴിക്കോട് നാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ പ്രവർത്തനങ്ങളൊക്കെ നടക്കുകയാണ്. എന്നാൽ ആ ഫിലിം പ്രദർശനം നടക്കുന്ന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ രണ്ട് തീയേറ്ററുകളുള്ള മാവൂർ റോഡ് ഇപ്പോൾ പി. ഡബ്ല്യു. ഡി. യുടെ വർക്കുകൾ നടക്കുന്നതുകൊണ്ട് അവിടുത്തെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഫിലിം ഫെസ്റ്റിവൽ നടക്കുമ്പോൾ ഈ റോഡിന്റെ പണി പൂർത്തീകരിച്ചില്ലെങ്കിൽ ഈ ഫെസ്റ്റിവലിന്റെ പ്രവർത്തനം കാര്യമായി നടക്കില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പെട്ടെന്ന് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ തന്നെ അവിടെപോയി ഈ റോഡ് വെട്ടിക്കുഴിച്ചിരിക്കുന്നത് കണ്ടു. അവിടെനിന്ന് ചീഫ് എൻജിനീയറെ വിളിച്ച് സംസാരിച്ചു ; അവിടെയുള്ള എൻജിനീയർമാരോട് സംസാരിച്ചു. ഇന്നലെ ഇതിന്റെ ഉത്തരവാദപ്പെട്ട ഒരു കമ്മിറ്റി ഞങ്ങൾ അവിടെ വച്ചു കൂടിയിരുന്നു. ആ കമ്മിറ്റിയും ഈ പ്രശ്നം എന്തായി എന്ന് ചോദിച്ചു. നന്നായി വരുന്നു എന്നാണ് ചെയർമാനിൽ നിന്നും കിട്ടിയ വിവരം. ഏതായാലും അതിനു മുമ്പ് ഇത് പൂർത്തിയാക്കാനായിട്ടുള്ള നടപടികൾ ഇപ്പോൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കഴിഞ്ഞ വർഷം അവാർഡ് വിവാദം ഉണ്ടാക്കിയത് ഭരണ കക്ഷിയിൽപ്പെട്ട എം. എൽ. എ. ആണ്. അങ്ങ് അത് നിഷേധിച്ചു. പക്ഷേ വിവാദം വരാൻ പ്രധാന കാരണം ചലച്ചിത്ര അക്കാഡമിയുടെ ചെയർമാനായ ഷാജി എൻ. കരുണിന്റെ ചിത്രങ്ങൾ ഇതിൽ മത്സരിക്കുന്നു, അത് സംശയങ്ങളുണ്ടാക്കി. അതുകൊണ്ട് ചലച്ചിത്ര അക്കാഡമിയുടേയും കെ.എസ്.എഫ്.ഡി.സി. യുടേയും തലപ്പത്തിരിക്കുന്നവർ അവർകൂടി ഉൾപ്പെടുന്ന ഈ മത്സരങ്ങളിലേക്ക് സ്വന്തം ചിത്രങ്ങൾ അയയ്ക്കുന്നത് തുടർന്നാൽ നാളെയും ഈ വിവാദം ഉണ്ടാകും. അതുകൊണ്ട് അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഷാജി ഇതിന്റെ ആളായതുകൊണ്ട് അദ്ദേഹത്തിന്റെ ചിത്രങ്ങൾ അയയ്ക്കാൻ പാടില്ലെന്നോ അദ്ദേഹത്തിന്റെ ചിത്രത്തിന് കമ്മിറ്റി അംഗങ്ങൾ നിശ്ചയിക്കുന്ന അവാർഡ് കൊടുക്കാൻ പാടില്ലെന്നോ ഒന്നുമില്ല. ഷാജിയെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു അഭിപ്രായ വ്യത്യാസമുണ്ടാകേണ്ട ആവശ്യമില്ല. ഷാജിക്കുതന്നെ ഇത്തവണത്തെ നല്ല ചിത്രത്തിനുള്ളതു കൊടുത്തതു വെറുതെയല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : ചലച്ചിത്ര വികസന കോർപ്പറേഷന്റെയും അക്കാഡമിയുടേയും പ്രവർത്തനങ്ങളെക്കുറിച്ചും മറ്റും പറഞ്ഞു. ഇതുപോലെ വളരെ പ്രധാനപ്പെട്ടതാണ് ടി. വി. അതുപോലെ മറ്റു മാദ്ധ്യമങ്ങളിലൊക്കെ വരുന്ന സീരിയലുകൾ. കലാരംഗത്തു പ്രവർത്തിക്കുന്ന കലാകാരന്മാർ ധാരാളമായി നമ്മുടെ സംസ്ഥാനത്തുണ്ട്. മൂന്നൂറും നാന്നൂറും ഒക്കെ എപ്പിസോഡുകളാണ് ഇപ്പോൾ ഓരോ മെഗാ സീരിയലുകളായി വന്നുകൊണ്ടിരിക്കുന്നത്. ഞാൻ അവരെക്കുറിച്ചാണ് ചോദ്യം ചോദിക്കാൻ പോകുന്നത്. നമ്മുടെ സഭയിൽതന്നെ അംഗമായ ബഹുമാനപ്പെട്ട രാജു എബ്രഹാം അഭിനയിക്കുന്ന 'കൂട്ടം തെറ്റിയ പക്ഷികൾ' 24-ാം തീയതി മുതൽ ഏഷ്യാനെറ്റിൽ വൈകിട്ട് 6.30 മുതൽ വന്നു കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : അതിനൊന്നും നിയമസഭയിൽ പബ്ലിസിറ്റി കൊടുക്കാൻ പാടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ചോദിക്കുന്നത് ഈ കലാകാരന്മാരുടെ സീരിയലുകൾ, അതുമായി ബന്ധപ്പെട്ടു അഭിനയിക്കുന്ന കലാകാരന്മാർ, ടെക്നീഷ്യൻസ്, അവരുടെ പ്രവർത്തനങ്ങൾ, അവരുടെ വെൽഫെയറിനുവേണ്ടി ചലച്ചിത്ര അക്കാഡമിയോ വികസന കോർപ്പറേഷനോ എന്തെങ്കിലും

നടപടിയെടുക്കുമോ ; അല്ലെങ്കിൽ അവർക്കുവേണ്ടി മാത്രം വെൽഫയറിനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അക്കാര്യത്തെ സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. സീരിയസ്സായിട്ടുവരുമ്പോൾ നോക്കാം. നമ്മുടെ മെമ്പർമാരുമെല്ലാം ആ രംഗത്ത് പ്രവേശിക്കാൻ തുടങ്ങുമ്പോൾ ഗവൺമെന്റിനും അത് ചിന്തിക്കേണ്ടതായി വരും.

ശ്രീ. സി. മൊയിൻ കുട്ടി : കലാമേന്മയും അതുപോലെ സാമൂഹ്യ ബോധവും ലക്ഷ്യം വച്ചുകൊണ്ടുള്ള ചിത്രങ്ങൾ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ദൃശ്യമാദ്ധ്യമങ്ങളിലൂടെ ധാരാളമായി പ്രദർശിപ്പിക്കുന്നതിന് നടപടിയെടുക്കുമോ ; ഉദാഹരണമായി മയക്കുമരുന്നിനും, മൂല്യച്യുതിക്കുമെതിരായിട്ടുള്ള ബോധവൽക്കരണം ലക്ഷ്യം വച്ചുകൊണ്ടുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ കോർപ്പറേഷൻ രംഗത്തുകൊണ്ടുവരുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ചലച്ചിത്ര വികസനകോർപ്പറേഷൻ, അക്കാഡമി ഇവയെല്ലാം അവിടെ വരുന്ന ചിത്രങ്ങൾക്ക് ആവശ്യമായിട്ടുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ്. നേരിട്ട് ചിത്രങ്ങൾ പിടിക്കുന്നില്ല. പക്ഷേ അതേ സമയത്ത് തന്നെ ഈ ഉദ്ദേശത്തോടുകൂടി വരുന്ന ചിത്രങ്ങൾക്ക് മുൻഗണന കൊടുക്കാനായിട്ട് ശ്രമിക്കാം.

ശ്രീ. ടി. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ചലച്ചിത്രവികസന കോർപ്പറേഷന്റെ നിലപാടും പരിശോധിച്ചാൽ കോഴിക്കോടിനു വടക്ക് കേരളമില്ലെന്നാണ് തോന്നുന്നത്. ഒരു തീയേറ്റർപോലും കോഴിക്കോടിനപ്പുറമില്ല. അതുകൊണ്ട് വടകര, തലശ്ശേരി, വയനാട്, കാസർകോട് എന്നീ സ്ഥലങ്ങളിലെല്ലാം ഈ ചലച്ചിത്ര വികസന കോർപ്പറേഷന്റെവക തീയേറ്ററുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇതു മുൻപു തുടങ്ങി കുറെക്കാലമായി പൂർത്തിയാകാതെ കിടക്കുന്നവയാണ്. അത് ആദ്യമവിടെ തുടങ്ങിയില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കോഴിക്കോടിന് അപ്പുറത്തും കാസർകോട്, മഞ്ചേശ്വരം വരെ കേരളമുണ്ടെന്നുള്ള അഭിപ്രായം തന്നെയാണ്. ഇപ്പോൾ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ മറ്റു ജില്ലകളിലേയ്ക്കും കൊണ്ടുപോകുന്നതിനും അവിടെയുള്ള ആളുകൾക്ക് കാണാനുള്ള സൗകര്യമുണ്ടാക്കുന്നതിനും ശ്രമിക്കുകയാണ്.

ശ്രീമതി റോസമ്മ ചാക്കോ : സർ, അവാർഡ് നിർണ്ണയിക്കുന്നതിന് അതിന്റെ കലാമേന്മയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്, ലക്ഷ്യമാക്കുന്നതെന്ന് പറഞ്ഞല്ലോ. നമ്മുടെ സമൂഹത്തിലുണ്ടാകുന്ന ഇന്നത്തെ മൂല്യച്യുതികൾ ഉണ്ട്. പലപ്പോഴും ചെറുപ്പക്കാരെ സ്വാധീനിക്കുന്നത് ഈ മാധ്യമങ്ങളും അതുപോലെ മറ്റു പ്രവർത്തനങ്ങളുമാണ്. കൊലപാതകം, അപഥസഞ്ചാരം അതുപോലുള്ള പല ദുഷ്പ്രവണതകളും ഈ മാധ്യമങ്ങളിൽക്കൂടി കൊച്ചു കുഞ്ഞുങ്ങളെ, പ്രത്യേകിച്ചും ടീനേജേഴ്സിനെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് സാൻമാർഗ്ഗിക

LIBRARY ARCHIVES Kerala Legislative Assembly

പ്രതിബദ്ധതയുള്ള സമൂഹത്തെ നല്ല വഴികളിലേയ്ക്ക് നയിക്കുന്ന നല്ല സിനിമകൾക്ക് അവാർഡ് കൊടുക്കുന്നതിനും അങ്ങനെയുള്ള സിനിമാ നിർമ്മാതാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് അവാർഡുകൊടുക്കുന്നതിൽ മുൻഗണന നൽകുന്നതിനും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇപ്പോഴും മന്ത്രിയാണ് ഇതൊക്കെ നിശ്ചയിക്കുന്നത് എന്നുള്ള മട്ടിലാണ് ചോദ്യം. കലാമൂല്യമുള്ള ചിത്രങ്ങളെന്നുപറയുമ്പോൾ സമൂഹത്തെ പൊതുവെ പുരോഗതിയിലേക്കു നയിക്കുന്ന ചിത്രങ്ങളാണ്. അതിന്റെ ഉള്ളടക്കം പ്രധാനമാണ്. ആ നിലയ്ക്കുള്ള ചിത്രങ്ങൾക്ക് കൊടുക്കുന്നതിനാണ് ആക്ഷേപം പലപ്പോഴും ഉയർന്നിട്ടുള്ളത്. ഇപ്പോൾ അടിയും ഇടിയും നിറഞ്ഞിട്ടുള്ളതാണ് മലയാളത്തിലെ ചിത്രങ്ങൾ. അടിയുമിടിയുമില്ലാത്ത നല്ല ചിത്രങ്ങൾ നമുക്ക് കാണാനുള്ള സൗകര്യം അന്തർദേശീയ ഫിലിം മേളയിൽ നമുക്ക് കിട്ടാൻ പ്രയാസമാണ്. ഞാൻതന്നെ ഈയിടെ ഒരുയർന്ന സിനിമാ നടനായ സുരേഷ് ഗോപിയോട് തനിക്ക് സിനിമയിൽ കിട്ടിയിട്ടുള്ള ഇടിയുടെ സ്വഭാവം കണ്ടാൽ താൻ ബാക്കിയുണ്ടോടോ എന്നു ചോദിച്ചു. ആൾ തടിച്ച് ഒരു കുഴപ്പവുമില്ല. ഇടിയാണെങ്കിൽ പൂരാ ഇടി തന്നെയാണ്. അങ്ങനെ ഇടിയെല്ലാം കാണിച്ച് ആളുകളെ ആകർഷിക്കുന്നതിനുപകരം കലാമൂല്യമെന്നുപറയുമ്പോൾ സമൂഹത്തിലെ ജീവിത പ്രശ്നം, ഇപ്പോൾ കരുണമെന്നുപറയുന്ന സിനിമ വന്നിട്ടുണ്ട്. വയസ്സായിട്ടുള്ള ആളുകൾക്ക് നമ്മളിവിടെ നിയമമുണ്ടാക്കണമെന്നു പറഞ്ഞല്ലോ ? ശ്രീമതി റോസമ്മ ചാക്കോയ്ക്കും ഗുണമുള്ള നിയമത്തെക്കുറിച്ച് ബഡ്ജറ്റിൽ വന്നിട്ടുണ്ട്. രണ്ടു വയസ്സന്മാരെ വീട്ടുകാർ നോക്കാത്തതിന്റെ ഫലമായി അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകളാണ് ആ കരുണമെന്ന സിനിമയുടെ കഥ. അപ്പോൾ അത്തരം സിനിമകൾ വരുന്നുണ്ട്. അതിനെല്ലാം അവാർഡു കൊടുക്കുന്നതിനുള്ള തീരുമാനങ്ങളും വരുന്നുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, മലയാള സിനിമാ മേഖല വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പണം കൂടുതൽ മുടക്കി ആധുനിക ടെക്നോളജി ഉപയോഗിക്കുന്ന സിനിമകൾക്കുമാത്രമേ ഇന്ന് വിജയിക്കാൻ കഴിയുന്നുള്ളൂ. അതുകൊണ്ടുതന്നെ നമ്മുടെ പ്രധാനപ്പെട്ട എല്ലാ സിറ്റികളിലുമുള്ള തിയേറ്ററുകളിൽ ഇംഗ്ലീഷ് സിനിമയാണ് ഇന്ന് കൂടുതലായി ഓടിക്കൊണ്ടിരിക്കുന്നത്. ഈ വെല്ലുവിളിയെ നേരിടാൻ മലയാള സിനിമയെ സാങ്കേതിക മികവുള്ള ചിത്രങ്ങളായി മാറ്റാനാവശ്യമായ പാക്കേജ്, ഇപ്പോൾ ആന്ധ്രയിലാണെങ്കിൽ രാമോജി ഫിലിംസിറ്റി എന്ന ഒന്നുണ്ട്. തിരക്കഥയും സംവിധായകനും നടീനടന്മാരും ചെന്നുകഴിഞ്ഞാൽ സിനിമ നിർമ്മിച്ച് എഡിറ്റിംഗും കഴിഞ്ഞ്, അതിന്റെ പരസ്യവുമടക്കം കഴിഞ്ഞ് അവിടെ നിന്നും തിരിച്ചുവരാൻ കഴിയുന്ന സ്ഥിതിയുണ്ട്. ഇത്തരത്തിലൊരു പാക്കേജ് നമ്മുടെ ചലച്ചിത്ര വികസന കോർപ്പറേഷന് ഇവിടെ നടപ്പിലാക്കാൻ വേണ്ടി എന്തെങ്കിലുമൊരു മാർഗ്ഗനിർദ്ദേശം ഗവൺമെന്റിന് കൊടുക്കാൻ കഴിയുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഈ ഉദ്ദേശ്യത്തോടു കൂടിയാണ് ഗവൺമെന്റ് ചുമതലപ്പെട്ട് ഒരു ക്രഡിറ്റ് സിസ്റ്റം ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആ സിസ്റ്റം പ്രകാരം ഇവർ ഒരു ബാങ്ക് ഗാരന്റി കൊണ്ടുപോയി കൊടുത്തുകഴിഞ്ഞാൽ സിനിമ പിടിച്ച് തിയേറ്ററുകളിലെത്തിച്ച് നിർമ്മാതാക്കൾക്ക് പണം കിട്ടിയതിനുശേഷം മാത്രം അതിന്റെ തുക തിരിച്ചടച്ചാൽ മതി. അതുവരെ പലിശയുമില്ല. 25 % പലിശ പിന്നീടാണ് വരുന്നത്, 90 ദിവസത്തിനുള്ളിൽ ചെയ്തില്ലായെങ്കിൽ. നല്ല ചിത്രങ്ങൾ സ്റ്റുഡിയോയിൽ വരാൻ, സാങ്കേതിക മേന്മയുള്ള ചിത്രങ്ങൾ വരാൻ ഈ രംഗത്ത് വളരെയധികം സഹായകരമായിട്ടുണ്ട്. ആ സാങ്കേതിക മേന്മയുടെ ഗുണം ഇവിടെ പിടിക്കുന്ന ചിത്രങ്ങൾക്കു കിട്ടാൻവേണ്ടിയാണ് ആ സംവിധാനമുണ്ടാക്കിയിട്ടുള്ളതെന്നും ഈ ചോദ്യത്തിന്റെ മറുപടിയിൽ ഞാൻ പറയുകയാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 537

സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും പുരോഗതിക്കും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതി

2 (* 537) ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കും വിദ്യാഭ്യാസ പ്രോത്സാഹനത്തിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'മഹിളാ സമാഖ്യ' എന്ന പരിപാടി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(എഫ്) എന്നുമുതലാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതെന്നറിയിക്കുമോ ;

(ജി) ഇതിനകം ഈ പരിപാടിക്ക് വേണ്ടി എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി-ഡി) സ്ത്രീകളുടെ പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ സർവ്വതോമുഖമായ പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 'മഹിളാ സമാഖ്യ'. വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly